## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.06.2018 ലെ OA(Ekm) 1229/2018 നം. ഉത്തരവ് പാലിച്ച് തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ ഡ്രൈവർ ഗ്രേഡ്- II (എൽ.ഡി.വി) തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2522/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 28/09/2018**

---

പരാമർശം : 1. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.06.2018 ലെ OA(Ekm) 1229/2018 നം. ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 14.08.2018 ലെ E14- 21049/18 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. അർജ്ജുൻ. ഐ. എൽ ഉം മറ്റുള്ള 4 പേരും ചേർന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1229/18 ൽ ബഹു.ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 20/06/2018 ലെ ഉത്തരവിൽ അപേക്ഷകരെ നേരിൽ കേട്ട് അതാത് വകുപ്പുമായി ബന്ധപ്പെട്ട നിവേദനത്തിൻമേൽ 4 മാസത്തിനുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് നിർദേശിച്ചു. തൃശ്ശൂർ ജില്ലയിലെ വിവധ വകുപ്പുകളിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് അപേക്ഷകർ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ 87 എൽ.ഡി.വി ഡ്രൈവർ ഗ്രേഡ്- II തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകർ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് നിവേദനം (അനക്സർ എ 9) സമർപ്പിച്ചിരുന്നു.

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകരെ നേരിൽ കേട്ടു. ഹിയറിംങ് വേളയിൽ നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിക്കുകയും കൂടാതെ സ്ഥിരം ഡ്രൈവർമാരില്ലാത്ത തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിലെ വാഹനങ്ങളിൽ തസ്തിക സൃഷ്ടിച്ച് നിയമനവും അപേക്ഷകരുടെ ജോലിയും ജോലിസാധ്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കണം എന്നും അപേക്ഷിച്ചു. പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ ആകെ 7 റെഗുലർ ഡ്രൈവർ തസ്തികകളാണ് ഉള്ളതെന്നും (ഗ്രാമപഞ്ചായത്ത് - 3, ഡി ഡി പി ഓഫീസ് - 1, ജില്ലാ പഞ്ചായത്ത് - 3) ആയതിൽ 2 ഒഴിവുകളാണ് നിലവിലുള്ളതെന്നും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തൃശ്ശൂർ ജില്ലയിൽ ആകെ 86 ഗ്രാമപഞ്ചായത്തുകളാണ് നിലവിലുള്ളതെന്നും നിലവിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി പഞ്ചായത്തുകൾ പ്രൊപ്പോസലുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ല.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ 87 എൽ.ഡി.വി ഡ്രൈവർ ഗ്രേഡ്- II തസ്തികകൾ സൃഷ്ടിക്കണമെന്ന നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. സൃഷ്ടിച്ച തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ ഉടൻ തന്നെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകുന്നു.

പരാമർശം (1) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

ശ്രീ. അർജ്ജുൻ. ഐ.എൽ, ഇന്ദിരാലയം ഹൗസ്, കൊടകര.പി.ഒ,തൃശ്ശൂർ - 680684

ശ്രീ. റെനിൽ ജോണി, കലപ്പറമ്പത്ത് ഹൗസ്,പൂവാത്തുശ്ശേരി. പി.ഒ,അന്നമനട, തൃശ്ശൂർ - 680721

ശ്രീ. എം.സി. രാജേഷ്,മെതാശ്ശേരി ഹൗസ്,മടവന, അത്താണി. പി.ഒ,കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680666

ശ്രീ. ഗണേഷ്. എച്ച്,മങ്കമ്മ നിവാസ്,ഏരൂർ നോർത്ത്. പി.ഒ,തൃപ്പൂണിത്തുറ, എറണാകുളം - 682306

ശ്രീ. അനിൽ. കെ.എസ്,കണിയമ്പാടി ഹൗസ്,ആസാദ് റോഡ്, ആശ്രമം ലെയ്ൻ, കലൂർ. പി.ഒ, എറണാകുളം - 682017

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/147/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ